ഉത്തരം

ഉണ്ട്. സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തത്തോടെ തിരുവനന്തപുരം നഗരത്തിലെ ദരിദ്രവിഭാഗങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി പരീക്ഷണാടിസ്ഥാനത്തിൽ ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിക്കുന്നതിന് നടപടി

98 [1277] ശ്രീ. ജോർജ് മസ്ക്രീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സർക്കാർ സർവീസിലുള്ള ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിക്കണമോ, വേണ്ടയോ, വേണമെങ്കിൽ ഏതു രീതിയിൽ, ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളും എന്തെല്ലാം ഇക്കാര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. ടി. എൻ. ജയചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

(ബി, സി) റിപ്പോർട്ട് മാർച്ച്മാസം മൂന്നാം വാരത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സർക്കാർ ആശുപത്രികളിൽ പ്രവർത്തനരഹിതമായ ഉപകരണങ്ങൾ നന്നാക്കുന്നതിന് നടപടി

99 [1278] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ഉപകരണങ്ങൾ നന്നാക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമുള്ള ഫണ്ട് അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ആയുർവേദ മരുന്നുകളെ സംബന്ധിച്ച തെറ്റിദ്ധാരണാജനകമായ പരസ്യങ്ങൾക്കെതിരെ നടപടി

100 [1279] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ മരുന്നുകളെ സംബന്ധിച്ച് തെറ്റിദ്ധാരണാജനകമായ പരസ്യങ്ങൾ നൽകുന്ന നിർമ്മാണ കമ്പനികൾക്കെതിരെ നടപടി എടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവരെ ഈ കുറ്റത്തിന് എത്രയെല്ലാം കമ്പനികൾക്ക് എതിരെ നടപടി സ്വീകരിച്ചു;

(സി) ആയുർവേദ ഔഷധങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആയുർവേദ ഉപദേശക സമിതി ചർച്ച ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തെറ്റിദ്ധാരണാജനകമായ പരസ്യങ്ങൾ 1954-ലെ ഡ്രഗ്സ് ആൻറ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെൻറ്സ്) ആക്ട് വഴി കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുണ്ട്. ഈ നിയമം കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം നീല റിസർച്ച് ഫുഡ് ഉടമയ്ക്കെതിരെയും കൊച്ചിയിലെ ഷെയർ ഫാർമ എന്ന കമ്പനി ഉടമയ്ക്കെതിരെയും കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(സി) പരിശോധനാ സംവിധാനം ശക്തിപ്പെടുത്താനുള്ള നടപടിയുടെ ഭാഗമായി ഉപദേശക സമിതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധനയിലാണ്.

ആയുർവേദ രംഗത്തെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ

101 [1280] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ വൈദ്യരംഗത്തെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മീഷനിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കമ്മീഷൻറെ പരിധിയിൽ വരുന്ന വിഷയങ്ങൾ എന്തൊക്കെയാണ്;

(ഡി) ഈ കമ്മീഷൻറെ കാലാവധി എത്രയാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly